DESPATCHED
....20/01/2020



6/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ **CP No.290(6)/2016**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.9416/എസ്.ഐ.സി-ജി 5/2016)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. കെ.കണാരക്കുട്ടി,<br>വടക്കെമൊട്ടുമ്പുറത്ത് വീട്,<br>പി.ഒ. തലക്കുളത്തൂർ,<br>പുതുക്കാട്ടിൽ കടവിനു സമീപം,<br>കോഴിക്കോട് -673317 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ഉള്ള്യേരി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്,<br>നം. ഡി-2033, ഉള്ള്യേരി, കോഴിക്കോട് | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 11.07.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.07.2016 |
| പരാതി ഹർജി നൽകിയ തീയതി | 26.07.2016 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 29.07.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.08.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 30.12.2019 |
| ഹിയറിംഗ് തീയതി & സ്ഥലം | 01.01.2020 വീഡിയോ കോൺഫറൻസ് ഹാൾ കോഴിക്കോട് കളക്ടറേറ്റ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കെ. കണാരക്കുട്ടി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടി ടിയാന്റെ അന്തസിനെ ഹനിക്കുന്ന തരത്തിലുളളതാണെന്നും കോഴിക്കോട് ജില്ലയിലെ സാമൂഹ്യ പ്രവർത്തകനായിരുന്ന കൃഷ്ണൻകുട്ടി എന്നയാൾ വാഹന അപകടത്തിൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ നിരാലംബമായ കുടുംബത്തെ സഹായിക്കാൻ ഉളളിയേരി സർവ്വീസ് സഹകരണ ബാങ്കിൽ ഒരു അക്കൗണ്ട് തുടങ്ങിയിരുന്നുവെന്നും ടി അക്കൗണ്ടിൽ പണം നിക്ഷേപിക്കാനാണ് ടിയാൻ നമ്പർ ആവശ്യപ്പെട്ടിരുന്നതെന്നും മറ്റുമാണ്

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ അവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. കൃഷ്ണൻകുട്ടി കുടുംബസഹായ നിധിയുടെ അക്കൗണ്ട് നമ്പർ എത്രയെന്നും

ii. ടി അക്കൗണ്ട് ക്ലോസ് ചെയ്തോ എന്നും

iii. ടി അക്കൗണ്ടിലേക്ക് ഇപ്പോഴും ആരെങ്കിലും പണം നിക്ഷേപിക്കുന്നുണ്ടോ എന്നും മറ്റുമായി 5 ഇനങ്ങളിലായുളള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല എന്നാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ബഹു. സുപ്രീം കോടതി, സിവിൽ അപ്പീൽ നം. 9013/13 കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ സഹകരണ സ്ഥാപനങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നും ആയതിനാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാത്തതെന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉള്ളേര്യരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നായിരുന്നു എന്നും ടി സ്ഥാപനം ബഹു. സുപ്രീം കോടതിയുടെ വിധി പ്രകാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും കാണുന്നു. അത്തരം സാഹചര്യത്തിൽ ഹർജിക്കാരന്റെ പരാതി ഹർജിയിന്മേൽ എന്തെങ്കിലും നിർദ്ദേശം ടി സ്ഥാപനത്തിന്

നൽകുവാൻ കമ്മീഷന് നിർവ്വാഹമില്ല എന്നു ചൂണ്ടിക്കാട്ടി ഈ പരാതി ഹർജി ഇന്നേ ദിവസം 2020, ജനുവരി 06–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp